II ഇ.ബി. XI-കേരള നിയമസഭ/V6

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2003 ഫെബ്രുവരി 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

36 (*148) ബീവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കപ്പെടുന്ന മദ്യം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ) നൽകിയ മറുപടിയിൽ, കേരളത്തിൽ ബീവറേജസ് കോർപ്പറേഷൻ വഴി ഗുണനിലവാരമുള്ള മദ്യമാണ് വിൽക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് നിശ്ചിത കെമിക്കൽ നിലവാരത്തിലുള്ളതാണ് മദ്യമെന്ന് അതാത് സംസ്ഥാന ചീഫ് കെമിക്കൽ എക്സാമിനർ സർട്ടിഫൈ ചെയ്യണമെന്ന് കോർപ്പറേഷന് മദ്യം നൽകുന്ന കമ്പനികളുമായുള്ള ഉടമ്പടിയിൽ നിഷ്ക്കർഷിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഓരോ ബാച്ച് മദ്യവും രാസപരിശോധന നടത്തി അനുവദനീയമായ വീര്യത്തിലാണെന്നും ഹാനികരമായ ഘടകങ്ങൾ ഒന്നും അതിൽ അടങ്ങിയിട്ടില്ലെന്നും ഉറപ്പുവരുത്തിയശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. കേരളാ സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ വഴി വില്ക്കുന്ന മദ്യത്തിന്റെ ഘടനയെപ്പറ്റി പരിശോധിക്കാൻ ഇപ്പോൾത്തന്നെ സംവിധാനം നിലവിലുണ്ട്. മാൾട്ട്, ഗോതമ്പ്, ബാർലി എന്നിവയിൽ നിന്നുണ്ടാക്കുന്ന മദ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ

മേഖലയിൽ ഉല്പാദിപ്പിക്കുന്ന മദ്യം കെമിക്കൽ എക്സാമിനേഷൻ നടത്തി സർട്ടിഫൈ ചെയ്തശേഷമാണ് ബീവറേജസ് കോർപ്പറേഷൻ വാങ്ങിക്കുന്നത്. പുതുതായി ഐ.എം.എഫ്.എൽ. യൂണിറ്റുകൾ അനുവദിക്കുന്നതു സംബന്ധിച്ച് മദ്യനയം രൂപീകരിക്കുമ്പോൾ തീരുമാനിക്കുന്നതാണ്. സ്വകാര്യ കമ്പനികളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ബീവറേജസ് കോർപ്പറേഷനിലെ തൊഴിലാളികൾക്ക് കമ്മിഷനും ഇൻസെന്റീവും കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ട തിനെത്തുടർന്ന് ഗവൺമെന്റ് എൻക്വയറി നടത്തുകയും അങ്ങനെ ചെയ്യാൻ പാടില്ലെന്ന് കമ്പനികൾക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരായി പ്രവർത്തിക്കുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. ബീവറേജസ് കോർപ്പറേഷന് ഇപ്പോൾ സംസ്ഥാനത്താകെ 300 ഔട്ട്ലെറ്റുകളാണ് ഉള്ളത്. കുറെ ഔട്ട്ലെറ്റുകൾ കൂടി കൊടുക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഷുഗർ മില്ലുകളിൽ ബീവറേജസ് കോർപ്പറേഷൻ തന്നെ ക്വാളിറ്റിയുള്ള മദ്യം ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

37 (*149) <u>കയർ ഉല്പാദന കേന്ദ്രങ്ങളുടെ ആധുനികവൽക്കരണം</u>

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ, പരമ്പരാഗത കയർ ഉല്പാദന കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി പ്രത്യേക നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കയർ ഉല്പാദന കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കയർ മേഖലയ്ക്കായി ഗവേഷണ കേന്ദ്രം സ്ഥാപിക്കാനും കയർ മേഖലയുടെ പ്രശ്നങ്ങളെപ്പറ്റി പഠനം നടത്താനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖല ആധുനികവല്ക്കരിക്കുന്നതിനായി ആർ ആന്റ് ഡി സെന്റർ തുടങ്ങുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചിട്ടുണ്ട്. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണവും പരിശീലനവും സംയോജിത കയർ വികസന പദ്ധതികളും നടപ്പിലാക്കുകയും പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ

കയർ ജിയോ ടെക്സ്റ്റയിൽസിന് കൂടുതൽ പ്രചാരം നൽകുന്നതാണ്. ഇപ്പോഴുള്ള ഡീഫൈബർ യൂണിറ്റുകളും യന്ത്രവൽകൃത റാട്ടുകളും പ്രവർത്തിപ്പിക്കുന്നതിന് ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതുകൊണ്ട് പുതിയ ഒരു സ്കീം എന്ന നിലയിൽ അത് സ്വകാര്യ മേഖലയ്ക്ക് കൊടുക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. കയർ ബോർഡിന്റെ നിയന്ത്രണത്തിലുള്ള റാട്ടുകളിൽ തൊഴിലാളികൾക്കാവശ്യമായ ട്രെയിനിംഗ് കൊടുത്ത് ഗുണമേന്മയുള്ള കയർ ഉല്പാദിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്. ഡീഫൈബർ യൂണിറ്റുകളെയും റാട്ടുകളെയും ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ നിന്നും ട്രാൻസ്പോർട്ട് ചാർജിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

38 (*150) <u>ബീയറിന്റെ അനുവദനീയമായ വീര്യം</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ബീയറിൽ ആൾക്കഹോളിന്റെ അളവ് 6 ശതമാനത്തിൽ (വോളിയം/വോളിയം) കവിയാൻ പാടുള്ള അറിയിച്ചു. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ബീയറിൽ ഇതിൽ കൂടുതൽ വീര്യം അടങ്ങ പരിശോധിക്കാറുണ്ട്. അനുവദനീയമായ വീര്യത്തിൽ ഒരു ശതമാനം കൂടുകയോ ഒരു ശതമാ ചെയ്യാം. അതു വേണ്ടവിധത്തിൽ പരിശോധന നടത്തിയാണ് ബോട്ടിലിംഗ് ചെയ്യുന്നത്. അ വീര്യത്തിൽ കൂടുതൽ വീര്യമുള്ള ബീയർ വിൽക്കുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്.

39 (*151) <u>റവന്യൂ കമ്മി കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2001–2002 വർഷത്തെ റവന്യൂ കമ്മി 2605.64 കോടി രൂപയും ധന കമ്മി 3269.40 കോടി രൂപയുമാണെന്ന് സഭയെ അറിയിച്ചു. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ ചെലവുകൾ കുറയ്ക്കുന്നതിനും വേണ്ടി സർക്കാർ കർശനമായ നടപടികൾ എടുത്തുവരികയാണ്. റവന്യൂ ചെലവുകൾ നിയന്ത്രിക്കുന്നതിനായി സർക്കാർ വാഹനങ്ങൾ വാങ്ങുന്നതിലും ഉപയോഗിക്കുന്നതിലും , ടെലഫോൺ, വൈദ്യുതി എന്നിവയുടെ ഉപയോഗത്തിലും നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. മണി ഓർഡർ വഴിയുള്ള പെൻഷൻ വിതരണം, ചെലവു വഹിക്കുന്നവർക്കും, 75 വയസ്സ് കഴിഞ്ഞവർക്കും, വികലാംഗർക്കും, മന്ദബുദ്ധികൾക്കും,

ജി.ഒ.(പി)950/2001/ഫിൻ., 16–1–2002–ലെ ജി.ഒ.(പി)56/2002/ഫിൻ., 18–1–2002–ലെ ജി.ഒ.(പി.)63/2002/ഫിൻ. എന്നീ ഉത്തരവുകൾ വഴി സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഇറക്കിയ ഉത്തരവുകൾ നിലനിൽക്കുകയാണ്. നികുതി വരുമാനവും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചീഫ് സെക്രട്ടറി തലത്തിൽ വിളിച്ചുകൂട്ടുകയും ഓരോ ഇനത്തിലുമുള്ള വരുമാനം അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്ത വർഷം റവന്യൂ കമ്മി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി എം.ടി.എഫ്.ആർ.പി. (ഇടക്കാല സാമ്പത്തിക പരിഷ്കരണ നടപടി)യുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരുമായി കൈമാറിയ ലെറ്റർ ഓഫ് എക്സ്ചേഞ്ച് പ്രകാരം എടുക്കുന്ന ഭരണപരിഷ്കാരങ്ങൾ താഴെപ്പറയുന്നു:

കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും അല്ലാത്തവ ഉചിതമേഖലകളിലേക്ക് പുനർവിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്നു;

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് നിർത്തി വയ്ക്കാൻ എം.ടി.എഫ്.ആർ.പി വിഭാവന ചെയ്യുന്നു. 2004–2005–ൽ ഡെബ്റ്റ് സർവീസസ് റവന്യൂ വരുമാനത്തിന്റെ 25ശതമാനമായി മായി നിജപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാന ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ ഓരോ വർഷവും 80 കോടി രൂപ അധികരിക്കാതെ നിജപ്പെടുത്തേണ്ടതാണ;

പൊതുമേഖലാ സ്ഥാപനങ്ങൾ ഉചിതമായ റീ–സ്ട്രക്ച്ചറിംഗിലൂടെ ബഡ്ജറ്റിൽ അധിക സാമ്പത്തിക ബാദ്ധ്യത വരാതിരിക്കുവാനും ഇവയിൽ നിന്നും അധിക വരുമാനം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു;

സംസ്ഥാന വൈദ്യുതി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ യാതൊരു ബാദ്ധ്യതയും ഉണ്ടാകാതിരിക്കുവാനുംഉദ്ദേശിക്കുന്നു;

11–ാം ധനകാര്യ കമ്മീഷന്റെ ശുപാർശ കളനുസരിച്ച് കേന്ദ്ര സർക്കാരുമായി കൈമാറിയ ലെറ്റർ ഓഫ് എക്സ്ചേഞ്ച് പ്രകാരം സംസ്ഥാനത്തിന്റെ എം.ടി.എഫ്.ആർ.പി അനുസരിച്ച് 2004–2005–ൽ (പ്രൊജക്ഷൻസ്) റവന്യൂ കമ്മി ജി.എസ്.ഡി.പി. യുടെ 1.46ശതമാനമായി നിജപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

40 (*152) നാളികേര വികസന പദ്ധതി

കൃഷിയും കയറും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, തെങ്ങിന്റെ രോഗബാധ തടയാനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും നാളികേര ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനുമായി ആകെ 4055.945 ലക്ഷം രൂപയുടെ 7 പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നറിയിച്ചു.

41 (*160) തേനീച്ച വളർത്തൽ പദ്ധതി

കൃഷിയും കയറും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, 2002–2003–ൽ തേനീച്ച വളർത്തൽ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും 14.5 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചുവെന്നും 14,50,125.00 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചു.

42 (*166) ഇടക്കാല സാമ്പത്തിക പരിഷ്ക്കരണം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഇടക്കാല സാമ്പത്തിക പരിഷ്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന് 2001–2002–ൽ 23.52 കോടി രൂപയും 2002–2003–ൽ 40.92 കോടി രൂപയും കേന്ദ്രത്തിന്റെ പ്രോൽസാഹന നിധിയിൽനിന്നും ലഭിച്ചിട്ടുണ്ടെന്നറിയിച്ചു.

43 (*167) പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമി

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 44767.23 ഹെക്ടർ വനഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ടെന്നും പാട്ടക്കുടിശ്ശികയിനത്തിൽ 21 കോടിയിലധികം രൂപ ലഭിക്കാനുണ്ടെന്നും അറിയിച്ചു.

44 (*173) വനങ്ങളിലെ കഞ്ചാവു കൃഷി

വനവും സ്പോർട്ട്സും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ റാന്നി, അച്ചൻകോവിൽ, മാങ്കുളം, മൂന്നാർ, ചിന്നാർ, ചാലക്കുടി, പറമ്പിക്കുളം,

മലയാറ്റൂർ, വാഴച്ചാൽ, മണ്ണാർകാട്, തേക്കടി, ചിമ്മിനി തുടങ്ങിയ സ്ഥലങ്ങളിലെ വനപ്രദേശങ്ങളിൽ കഞ്ചാവു കൃഷിയുള്ളതായി പരാതിയുണ്ടെന്നറിയിച്ചു.

45 (*175) കാർഷിക കയറ്റുമതി മേഖല കേരളത്തിൽ അനുവദിക്കണമെന്ന ആവശ്യം

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിൽ പഴവർഗ്ഗങ്ങൾക്കും പച്ചക്കറികൾക്കും വേണ്ടി ഒരു കാർഷിക കയറ്റുമതി മേഖല അനുവദിക്കുന്നതിനുവേണ്ടി 2002 നവംബറിൽ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിൽ സമർപ്പിച്ചുവെന്നും 3-2-2003-ൽ ന്യൂഡൽഹിയിൽവച്ച് കൂടിയ കേന്ദ്ര വാണിജ്യ വകുപ്പിന്റെ കാർഷിക കയറ്റുമതി മേഖലയ്ക്കുവേണ്ടിയുള്ള സ്റ്റിയറിംഗ് കമ്മിറ്റി ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

44 (827) സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ

4-12-2002-ലെ സർക്കാർ ഉത്തരവ് (പി) നം:744/02/ധന. പ്രകാരം എസ്.ബി.ഐ.യെയും 5-2-2003-ലെ സർക്കാർ ഉത്തരവ് (പി) നം: 86/2003/പ്രകാരം എസ്.ബി.റ്റി.യെയും കാനറാ ബാങ്കിനെയും സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

45 (832) നികുതി വരുമാനം

സംസ്ഥാന ഗവൺമെന്റിന് 2002-2003 വർഷം സെയിൽസ് ടാക്സ് ഇനത്തിൽ (31-1-2003 വരെ) 3953.22 കോടി രൂപയും എക്സൈസ് ടാക്സ് ഇനത്തിൽ (31-3-2002 വരെ) 446.71 കോടി രൂപയും മോട്ടോർ വാഹന നികുതിയിനത്തിൽ 359.6 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

46 (876) <u>റംസാൻ ക്രിസ്തുമസ് ഫെയറുകൾ</u>

2002–2003–ൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ റംസാൻ–ക്രിസ്തുമസ് കാലത്ത് നടത്തിയ 6 ഫെയറുകളിൽ നിന്നും 74 മാർക്കറ്റുകളിൽ നിന്നുമായി 1,04,78,026 രൂപ വിറ്റുവരവുണ്ടായിട്ടുണ്ട്.

47(886) <u>ആർട്ട് ഗ്യാലറികൾ</u>

കേരള ലളിതകലാ അക്കാദമിയുടെ കീഴിൽ ചിത്രശാല ആർട്ട് ഗ്യാലറി (തൃശ്ശൂർ), ഡർബാർ ഹാൾ ആർട്ട് സെന്റർ (എറണാകുളം), ആർട്ട് ഗ്യാലറി (തിരുവനന്തപുരം), ആർട്ട് ഗ്യാലറി (കോഴിക്കോട്), ആർട്ട് ഗ്യാലറി (കാഞ്ഞങ്ങാട്), കലാഗ്രാമം (പെരുമ്പാവൂർ) എന്നിവിടങ്ങളിലും മ്യൂസിയവും മൃഗശാലയും വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ആർട്ട് ഗ്യാലറികളും തൃശ്ശൂരിൽ ഒരു ആർട്ട് മ്യൂസിയവും സ്ഥാപിച്ചിട്ടുണ്ട്.

48 (899) <u>കർഷകരെ സഹായിക്കുന്നതിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പദ്ധതി</u>

കർഷകരെ സഹായിക്കുന്നതിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പദ്ധതിക്കുവേണ്ടി നൽകാൻ തീരുമാനിച്ച 95 കോടി രൂപയിൽ (31–12–2002 വരെ) 1489.384 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

49 (900) <u>കുരുമുളകു കൃഷി വികസനം</u>

കേന്ദ്ര സഹായത്തോടെ മാക്രോ മാനേജമെന്റ് പദ്ധതിയിലുൾപ്പെടുത്തി കുരുമുളകു കൃഷി വികസനത്തിനായി 2002–2003 സാമ്പത്തികവർഷം 400 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

50 (904) <u>ആദിവാസികൾക്കു വിട്ടുകൊടുക്കുന്ന കൃഷിവകുപ്പിന്റെ ഭൂമി</u>

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ആലക്കോട് എസ്റ്റേറ്റിലെ 1020.11 ഏക്കർ സ്ഥലവും പേരാമ്പ്ര എസ്റ്റേറ്റിലെ 463.57 ഏക്കർ സ്ഥലവും ആദിവാസികൾക്കു വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

51 (906) <u>മണ്ഡരി രോഗം തടയുവാൻ ചെലവഴിച്ച തുക</u>

സംസ്ഥാനത്തെ തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗം തടയുവാൻ ഇതുവരെ 28.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

52 (915) <u>തൃശ്ശൂർ കോൾ വികസന പദ്ധതി</u>

തൃശ്ശൂർ കോൾ വികസന പദ്ധതിക്കായി നബാർഡിൽ നിന്നും 15.27കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

..............